# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് 18..2..93 ൽ ലേലം ചെയ്ത വാഴച്ചാൽ ഡിവിഷനിലെ ആതിരപ്പള്ളി റെയിഞ്ചിലെ 1960 ഇലവുതോട്ടം ലേലം കൊണ്ടവർക്ക് പണം അടച്ച് ജോലി തുടങ്ങുവാൻ കാലാവധി ദീർഘിപ്പിച്ച നൽകി ഉത്തരവാകുന്നു.

------------------------------------------------------------------------------------

വനം, വന്യജീവി (ഡി) വകുപ്പ്

ജി.ഒ. (സാധാരണ) 489/93 വനം    തിരുവനന്തപുരം തി.. 9..11.93.

------------------------------------------------------------------------------------

പരാമർശം - ചീഫ് ഫോറസ്റ്റ് കണ്സർവേറ്ററുടെ 1..11..93 ലെ ബി 5 – 48428/93 നം.. കത്ത്

## <u>ഉത്തരവ്</u>

പരാമർശത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിശദമാക്കിയിരിക്കുന്ന വാഴച്ചാൽ ഡിവിഷൻ അതിരപ്പള്ളി റെയിഞ്ചിലെ 1960 ഇലവു തോട്ടം കൂപ്പുകളാക്കി 18..2..93 ൽ ലേലം ചെയതതിന്റെ ഒൻപതു കൂപ്പുകളുടെ വിശദവിവരം താഴെ കൊടുക്കും വിധമാണ്.

| ക്രമ നംപർ. | കൂപ്പ് നം. | ലേലക്കാരന്റെ പേര് | കരാർവെച്ച തീയതി | ബാക്കിഅടയ്ക്കേണ്ട തുക. |
|---|---|---|---|---|
| 1 | 1 | പി. മോഹനൻ | 19..10..93 | 700000 |
| 2 | 2 | പി.പി. ബേബി | 16..10..93 | 512000 |
| 3 | 4 | എം എ. അബ്ദുൾകരീം | 29..9..93 | 552600 |
| 4. | 5 | പി.എ. ആർ. മുഹമ്മദലി | 14..10..93 | 335200 |
| 5 | 6 | എൻ വി വാസുദേവൻ നമ്പൂതിരി | 21..10..93 | 620600 |
| 6 | 7 | കെ വി പരീത് | 14..10..93 | 421200 |
| 7. | 8 | എം.എ. മൊയ്തീൻ | 14..10..93 | 270500 |
| 8 | 9 | കെ. വി. പരീത് | 28..9..93 | 475200 |
| 9. | 10 | എം. എ ..മജീദ് | 21..10..93 | 528600 |

ലേല വ്യവസ്ഥ പ്രകാരം കുപ്പിന്റെ കാലാവധി 23..10..93വരെ ആയിരുന്നു. കാലാവധിക്കുമുമ്പ് തന്നെ സെക്യൂരിറ്റിയുടെ 1/3 തുകയും നികതികളും അടച്ച് ഒൻപതുപേരും കരാർവച്ചു. ബാക്കി 2/3 തുക അടക്കുന്നതിനുള്ള കാലാവധി 3 മാസത്തേക്ക് നീട്ടി നൽകണമമെന്ന് ലേലക്കാർ ആവശ്യപ്പെടതനുസരിച്ച് പണം അടക്കുനനതിനുള്ള കാലാവധി 24..10..93 മുതൽ 24 % പലിശ ഈടാക്കികൊണ്ടും കൂപ്പിന്റ് കാലാവധി 3 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയും ഉത്തരവാകണമെന്ന് ചീഫ് കൺസർവേറ്റർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കരാർ ഒപ്പുവച്ച തീയതി വ്യവസ്ഥപ്രകാരം രണ്ടുമാസത്തേക്ക് പലിശയൊന്നും ഈടാക്കാതേയും അതിനുശേഷം ഒരു മാസത്തേയ്ക്ക് പലിശ ഈടാക്കികൊണ്ടു പണം അടയ്ക്കുന്നതിനും കൂപ്പിന്റെ കാലാവധി ഈ ഉത്തരവു തീയതി മുതൽ മൂന്നു മാസത്തേയ്ക്ക് ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എം രാമൻകുട്ടി മേനോൻ,
ജോയിന്റ് സെക്രട്ടറി

ഇണ്ടാസ് നം. സി5 - 48428/93 തീയതി 9..11..93

പകർപ്പ് കൺസർവേറ്റർ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചൽ എന്നിവർക്ക് അനന്തര നടപടിക്കായി അയയ്ക്കുന്നു.

(ഒപ്പ്) ചീഫ് കൺസർവേറ്റർക്കുവേണ്ടി

മേലേഴുത്ത് നം. വിസി - 6871/92 തീയതി 16..11..93

പകർപ്പ് വിസി - 9552/93. 9665/. 9741, 9958, 10561, 10562, 10563,10564, 10565/93 എന്നീ ഫയലുകളിലേയും സ്റ്റോക്ക് ഫ.യലിലേയ്ക്കും എ3 സെക്ഷനിലേയും നൽകുന്നു.

(ഒപ്പ്) കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
അംഗീകാരത്തോടെ

സൂപ്രണ്ട്